സർക്കുലർ

155/NSS/DHSE/2018 03 /11/2018

ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ലോക പ്രമേഹദിന പരിപാടികൾ സംഘടിപ്പിക്കുന്നു.

2018 നവംബർ 14 ന് ലോക പ്രമേഹ ദിനത്തിന്റെ **സംസ്ഥാനതല ഉദ്ഘാടനവും ആഗോളപ്രമേഹനടത്തം 2018** ഉം ആലപ്പുഴ ജില്ലയിലെ ലിയോ XIII ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിക്കുന്നു. **കോഴിക്കോട് മേഖലയിലെ ആഗോളപ്രമേഹനടത്തം 2018** കണ്ണൂർ ജില്ലയിലെ തലശ്ശേരി ഗവ. ബർണ്ണൻ ഹയർ സെക്കണ്ടറി സ്കൂളിലും **എറണാകുളം മേഖലയിലെ ആഗോളപ്രമേഹനടത്തം 2018** കോട്ടയം മൗണ്ട് കാർമൽ ഹയർ സെക്കണ്ടറി സ്കൂളിലും സംഘടിപ്പിക്കുന്നു. ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസുകളും എക്സിബിഷനും **ആഗോളപ്രമേഹനടത്തവും** വോളണ്ടിയർമാരെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചു നടത്താവുന്നതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ എല്ലാ എൻഎസ്എസ് യൂണിറ്റുകളും നവംബർ 14ന് രാവിലെ 8.30 ന് ആഗോള പ്രമേഹനടത്തം 2018 സംഘടിപ്പിക്കേണ്ടതാണ്.

പരിപാടിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. മേഖല/ ജില്ല പ്രമേഹ നടത്ത പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാലയത്തിന്റെ/ യൂണിറ്റിന്റെ പേരും നമ്പരും ബാനറിൽ ഉണ്ടായിരിക്കണം എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ മറ്റ് വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷകർത്താക്കളെയും യുവജനങ്ങളെയും ആഗോള പ്രമേഹനടത്തം 2018 പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. ആഗോള പ്രമേഹനടത്തം 2018 യൂണിറ്റ്തല ഉദ്ഘാടനം ലളിതമായി സംഘടിപ്പിക്കാം. പ്രമുഖ വ്യക്തികൾ, ജനപ്രതിനിധികൾ/ആരോഗ്യ പ്രവർത്തകർ

എന്നിവരെ ഈ സംരഭത്തിലേക്ക് ക്ഷണിക്കുകയും റാലിയിൽ പങ്കെടുപ്പിക്കുകയും വേണം.

3. ജില്ലാ/പിഎസി തലത്തിൽ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുമെങ്കിൽ സംഘടിപ്പിക്കാവുന്നതാണ്.
4. ജീവിതശൈലി രോഗങ്ങൾക്കെതിരെ "**ആഗോള പ്രമേഹനടത്തം 2018**" റാലിയിൽ ഉപയോഗിക്കുന്നതിനാവശ്യമായ പ്ലക്കാർഡ്, ചിത്രങ്ങൾ, സ്ലോഗൺ, കാർട്ടൂൺ എന്നിവ യൂണിറ്റ് തലത്തിൽ തയ്യാറാക്കാം.
5. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ചേർന്ന് ചർച്ചകൾ/സെമിനാർ/ക്ലാസ്സുകൾ, Exhibition തുടങ്ങിയ സംഘടിപ്പിക്കാവുന്നതാണ്.

ഒപ്പ്

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ